# About Us

കർത്താവിന്റെ രണ്ടാമത്തെ വരവിനുമുമ്പായി യേശുക്രിസ്തുവിനുവേണ്ടി സൃഷ്ടിക്കപ്പെട്ട ആത്മാക്കളും പ്രാണനും [കൊലൊസ്യർ 1:15] തന്നിലേയ്ക്കു ചേരേണ്ടതിന്, തിരുസഭയുടെ പണി വേഗത്തിൽ നടത്തപ്പെടുവാൻ ബദ്ധപ്പെടുന്നു. ആകയാൽ പാതാളത്തെയും മരണത്തെയും ജയിച്ച് കർത്താവിനോട് ചേർന്ന്, മനുഷ്യന്റെ അജ്ഞതയാലും ബലഹീനതയാലും സാഹചര്യത്തിന്റെ സമ്മർദ്ധത്താലും സ്ഥാർത്ഥതയാലും നഷ്ടപ്പെട്ട പ്രാണനെ (ഓരോ ദിവസത്തെ ജീവൻ) പകരം ജീവികളെ [യെശയ്യാവ് 43:3] യേശുവിന്റെ രക്തത്തോടൊപ്പം കൊടുത്ത് വീണ്ടെടുക്കുന്ന വേല ഈ 21-ാം നൂററാണ്ടിൽ നടത്തപ്പെടുന്നു. യേശുവിങ്കലേക്ക് തിരിയേണ്ടതായ പ്രാണൻ, സാത്താൻ അടിമചങ്ങലകളിൽ ബന്ധിക്കപ്പെട്ടിരിക്കുന്ന പ്രാണനെ വിടുവിച്ച് യേശുവിൽ എത്തിച്ച് റോമർ 16:20 ലെ ‘സമാധാനത്തിന്റെ ദൈവമോ വേഗത്തിൽ സാത്താനെ നിങ്ങളുടെ കാല്ക്കീഴെ ചതച്ചുകളയും’ എന്ന വചന നിവൃത്തിക്കായി പ്രയ്നിക്കുന്നു. നമുക്ക് എതിരായി രാപകൽ അപവാദം പറയുന്ന അപവാദിയെന്ന [വെളിപ്പാട് 12:10] പിശാചിനെ തോൽപ്പിക്കുവാൻ സത്യവചനം ശരിയായി ധ്യാനിച്ച് അത്മപരിശോധന ചെയ്തു ന്യായവിധിയിൽ നിന്നും ശിക്ഷാവിധിയിൽ നിന്നും മോചനം നേടുവാൻ, നമ്മെതന്നെ വിധിച്ചാൽ ന്യായവിധിയുണ്ടാകുകയില്ല [1 കൊരിന്ത്യർ 11: 28 – 31] എന്ന വചനം പ്രയോഗിച്ചുകൊണ്ട് ജീവവചന വരികകളിലൂടെ സൂക്ഷമനിരീക്ഷണത്താൽ സ്വയപരിശോധന ചെയ്യാൻ വചനകേൾവിയും വചനധ്യാനപഠനവും അനേകരുടെ ഹൃദയങ്ങളിലേക്ക് എത്തിച്ചുകൊണ്ടിരിക്കുന്നു.

- **മരുഭൂമിയും ഏദൻതോട്ടവും** [യെശയ്യാവ് 51:3]: ഓരോ ദിവസത്തെയും കഷ്ടതയും മരുഭൂമിയിലെ അനുഭവവും ആന്തരികമനുഷ്യന്റെ അശുദ്ധിയെ അകററുവാനും ദൈവത്തിന്റെ കരുണയിൽ ആശ്രയിച്ച് [വി.മത്തായി 11:28-31] മൃദുവായ നുകവും ലഘുവായ ചുമടും ചുമക്കേണ്ടത് എപ്രകാരം എന്ന് അഭ്യസിപ്പിച്ച് ഏദൻതോട്ടത്തിന്റെ അനുഭവത്തിലേക്ക് നയിക്കുന്നു.

- **തൈരും തേനും കൊണ്ടുള്ള ഉപജീവനം** [യെശയ്യാവ് 7:15; 1 പത്രൊസ് 2: 1] : കാലത്തികവിങ്കൽ മാത്രം വേല ചെയ്ത് യേശുവിന്റെ മാതൃകയിൽ പിതാവിന്റെ കൂടെ മറഞ്ഞിരിക്കേണ്ടതിന്റെ നീതിബോധത്തെ പഠിപ്പിക്കുന്നു.

- മുറിവേററ ഹൃദയത്തിൽ **യേശുവിന്റെ മുള** ഒട്ടിക്കുകയും വലിയ മുറിവുകളിൽ **വാൾ ഉറകൾ** [ഇയ്യോബ് 5:18] ഉണ്ടാക്കിയും ദൈവവചനത്തിലൂടെ ആശ്വസിപ്പിച്ച് സ്വസ്ഥതയിലൂടെ ദൈവരാജ്യ ത്തിൽ പ്രവേശിപ്പിക്കാൻ ഒരുക്കുന്നു.

- ദുർദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ചുനില്പാനും കഴിയേണ്ടതിന് ദൈവത്തിന്റെ **സർവ്വായുധവർഗ്ഗം** [എഫെസ്യർ 6: 10-24] എടുത്തുകൊൾവിൻ. ഈ വചനം പൂർണ്ണമായി നിവൃത്തിയാകുവാൻ ബദ്ധപ്പെടുന്നു.

- ഇരുപ്പത്തിയൊന്നാം നൂററാണ്ടിലും, നോഹയെപ്പോലെ [ഉല്പത്തി 7:1] യേശുവിനെ **ആശ്വസിപ്പിക്കാൻ** പഠിപ്പിക്കുന്നു.

- ഹൃദയത്തിന്റെ അറകളിലേക്ക് ജീവപ്രകാശമായ യേശുവിന്റെ വെളിച്ചം വീശി, ഹൃദയത്തെ പരിശോധിച്ച് **ശത്രുവിന്റെ അധികാരത്തെ** [ആവർത്തനം 7:22] സാവധാനം അല്പമല്പമായി മാററാൻ ഹായിക്കുന്നു.

- ആയിരം തലമുറവരെ അനുഗ്രഹിക്കുന്ന [പുറപ്പാട് 20:5,6] **ദൈവപ്രസാദം** മനുഷ്യന് ലഭിക്കുവാൻ, ദൈവപുത്രൻ ഒരുക്കിയ വഴിയെ പഠിപ്പിച്ച് 1 പത്രൊസ് 5:6 പറഞ്ഞിരിക്കുന്ന ‘അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ താണിരിപ്പിൻ’ എന്ന വചനം നിവൃത്തിയാക്കാൻ അഭ്യസിപ്പിക്കുന്നു.

- യേശുവിനെ **രാജാവായി വാഴിക്കുവാൻ** മണവാട്ടിസഭയെ പരിശീലിപ്പിക്കുന്നു. സഭയും സമൂഹവും ഭവനങ്ങളും അതിനായി ഒരുക്കപ്പെടുന്നു. [2 തീമൊത്തിയൊസ് 2 :12]

- ദൈവഹിതം പ്രകാരം ജീവിക്കുമ്പോൾ **നീരസങ്ങളെയും** ഓരോ ദിവസത്തെ **കുരിശുകളെയും സന്തോഷത്തോടെ സഹിക്കുവാൻ** വിശ്വാസവും പ്രത്യാശയും ദൈവസ്നേഹവും വർദ്ധിപ്പിക്കുന്നു. [1 കൊരിന്ത്യർ 13: 13]